# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മറ്റത്തൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി8)154/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 07/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മറ്റത്തൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി8)154/2022. തീയ്യതി: 07/06/2022

## തൃശ്ശൂർ ജില്ലയിലെ മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 63 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 06-12-2021 | 17-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-12-2021 | 17-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വി.പി. ഷോബി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ശിവദാസൻ. എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. പ്രവിദ. പി.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽ കുമാർ. കെ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജോയ്സൺ. സി.ജെ, ഓഡിറ്റർ
ശ്രീ. സിജോ തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.സി. സുബ്രൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ടി. ജി. സജി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ് കുമാർ. പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സരസ്വതി. വി.എസ് | അസി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. ഹിഷാം അബ്ദുൾ റഹ്മാൻ | മെഡിക്കൽ ഓഫീസർ. സി.എച്ച്. സി | 01-04-2019 | 01-07-2019 |
| ശ്രീമതി. ലക്ഷ്മി മേനോൻ | മെഡിക്കൽ ഓഫീസർ. സി.എച്ച്. സി | 02-07-2019 | 01-03-2020 |
| ശ്രീ. ആന്റിസ് ജോസഫ് | മെഡിക്കൽ ഓഫീസർ. സി.എച്ച്. സി | 02-03-2020 | 31-03-2020 |
| ശ്രീമതി. പി.എസ്. ഉഷ | ഹെഡ് മിസ്ട്രസ്, ജി. യു. പി. എസ് | 01-04-2019 | 31-03-2020 |
| ശ്രീമതി. സുധാകുമാരി. വി | ഐ. സി.ഡി. എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. സിജോൺ ജോൺസൺ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. എൽദോ | വെറ്ററിനറി സർജൻ | 01-04-2019 | 31-01-2020 |
| ശ്രീ. സജേഷ്. എം. ജി | വെറ്ററിനറി സർജൻ | 01-02-2020 | 31-03-2020 |
| ശ്രീമതി. ശികിത. കെ. എസ് | വി. ഇ. ഒ. ( മറ്റത്തൂർ സർക്കിൾ) | 01-04-2019 | 31-03-2020 |
| ഒഴിവ് | വി. ഇ. ഒ. (വെള്ളിക്കുളങ്ങര സർക്കിൾ) | 01-04-2019 | 31-08-2019 |
| ശ്രീമതി. നിജു ജോസ് | വി. ഇ. ഒ. (വെള്ളിക്കുളങ്ങര സർക്കിൾ) | 01-09-2019 | 31-03-2020 |
| ശ്രീമതി. ഉമൈവാൻ. പി. | വി. ഇ. ഒ. (കോടാലി | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| എ | സർക്കിൾ) | | |
| ശ്രീ.കെ. ഭാഗ്യനാഥൻ | അസി. സെക്രട്ടറി | 01-04-2019 | 29-10-2019 |
| ശ്രീമതി. സിജി ജോസ് | അസി. സെക്രട്ടറി | 30-10-2019 | 26-01-2020 |
| ശ്രീമതി. സിന്ധു. എൻ.എസ് | അസി. സെക്രട്ടറി | 27-01-2020 | 01-02-2020 |
| ശ്രീ. ബിനൂപ്. കെ.സി | അസി. സെക്രട്ടറി | 02-02-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivadasan A K (Asst. Audit Officer, On 17-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-9 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sijo Thomas (Auditor, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-10 |
| 11 | വാർഷികകണക്കുകളും സഞ്ചയ ഡി സി ബിയും പൊരുത്തപ്പെടുന്നില്ല<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-11 |
| 12 | വസ്തുനികുതി കൃത്യമായ ഡിമാൻഡ് എൻട്രി ഇല്ല<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 01-06-2022) | 1-12 |
| 13 | വരവിനങ്ങളുടെ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-13 |
| 14 | വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-14 |
| 15 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-15 |
| 16 | Prior Period Item - വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ ഹാജരാക്കിയില്ല<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-16 |
| 17 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല | 1-17 |

| | | |
|---|---|---|
| | Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | |
| 18 | പ്രൊവിഷൻ - വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-18 |
| 19 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-19 |
| 20 | തൊഴിലുറപ്പ് പദ്ധതി - കാഷ് ബുക്കും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-20 |
| 21 | വാർഷികകണക്കിൽ ക്ലോസിംഗ് സ്റ്റോക്ക് ഉൾപ്പെടുത്തിയിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-21 |
| 22 | രജിസ്റ്ററുകൾ പൂർത്തിയാക്കിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-22 |
| 23 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-23 |
| 24 | Capital Contribution തുക കൃത്യമല്ല<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-24 |
| 25 | കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-25 |
| 26 | Directly Debited By Bank തുക സംബന്ധിച്ച്<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-26 |
| 27 | ബാങ്കിൽ ക്രെഡിറ്റ് ചെയ്യാത്ത ചെക്ക് സംബന്ധിച്ച്<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-27 |
| 28 | മെഷീനറി റണ്ണിംഗ് ഫീസ് കൃത്യമായി ഈടാക്കുന്നില്ല<br>Written By: Sijo Thomas (Auditor, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-28 |
| 29 | ഡയറി ഫാം ഇൻസ്പെക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-29 |
| 30 | കേടു വന്ന തെങ്ങ് മുറിച്ചു മാറ്റുന്നതിന് ധന സഹായം. തെങ്ങ് മുറിച്ച് മാറ്റിയത് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. 53000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sivadasan A K (Asst. Audit Officer, On 17-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-30 |
| 31 | ബില്ലുകൾ ഹാജരാക്കാതെ തുക നൽകി. 365842 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sivadasan A K (Asst. Audit Officer, On 17-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 01-06-2022) | 1-31 |
| 32 | പാടശേഖര സമിതികൾക്ക് റൈസ് മിൽ. എല്ലാ ടെൻഡറുകളും ഹാജരാക്കിയിട്ടില്ല. 3430 രൂപ അധികം ചെലവ്. ഓഡിറ്റിൽ | 1-32 |

| | | |
|---|---|---|
| | അംഗീകരിക്കുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 17-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | |
| 33 | ഉരുക്കളുടെ വില ഉരുക്കളെ വിറ്റവർക്ക് നൽകാതെ നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകിയ നടപടി മാർഗ്ഗരേഖ വിരുദ്ധം. ആകെ 1450000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sivadasan A K (Asst. Audit Officer, On 17-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 01-06-2022) | 1-33 |
| 34 | നിയമപരമല്ലാത്ത താല്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നത് പുന:പരിശോധിക്കേണ്ടതാണ്<br>Written By: Sivadasan A K (Asst. Audit Officer, On 18-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-34 |
| 35 | ആദായ നികുതി ഈടാക്കിയിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-35 |
| 36 | അഗതിരഹിത കേരളം - തുക വിനിയോഗിച്ചിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-36 |
| 37 | പത്ര പരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 20-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 1-37 |
| 38 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: P.A.Pravida (Audit Officer, On 21-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-38 |
| 39 | അസിസ്റ്റന്റ് സെക്രട്ടറിയുടെ പ്രൊജക്ടുകളുടെ രേഖകൾ ഹാജരാക്കിയില്ല<br>Written By: P.A.Pravida (Audit Officer, On 21-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-39 |
| 40 | ലാപ്ടോപ്പ് വിതരണത്തിനായുള്ള പ്രൊജക്ടുകൾ നടപ്പാക്കാൻ വൈകി<br>Written By: P.A.Pravida (Audit Officer, On 21-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-40 |
| 41 | വികലാംഗർക്ക് മുച്ചക്രവാഹനം നൽകിയപ്പോൾ മതിയായ രേഖകൾ വാങ്ങി സൂക്ഷിച്ചില്ല<br>Written By: Joyson (Auditor, On 03-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-41 |
| 42 | എസ്.സി കമ്മ്യൂണിറ്റി സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്<br>Written By: Joyson (Auditor, On 03-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-42 |
| 43 | എസ്.ടി കമ്മ്യൂണിറ്റി സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്<br>Written By: Joyson (Auditor, On 03-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-43 |
| 44 | വരുമാന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്<br>Written By: Joyson (Auditor, On 03-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-44 |
| 45 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്<br>Written By: Joyson (Auditor, On 03-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-45 |
| 46 | രേഖകൾ ഹാജരാക്കിയില്ല, ചെലവുതുക തടസ്സപ്പെടുത്തുന്നു<br>Written By: Joyson (Auditor, On 03-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-46 |
| 47 | റ്റി.ഡി.എസ് ഈടാക്കേണ്ടതാണ്<br>Written By: Joyson (Auditor, On 06-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 1-47 |
| 48 | ഓവർഹെഡ് ചാർജ്ജസ് അധികം നൽകി<br>Written By: Shobby.V.P (Audit Officer, On 12-01-2022) | 1-48 |

| | | |
|---|---|---|
| | Last Updated By: Shobby.V.P (Audit Officer, On 13-05-2022) | |
| 49 | KCWWF റിക്കവറി കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 1-49 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ബില്ലിനേക്കാൾ അധിക തുക നൽകി. 3430 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 18-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 13-05-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 22-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 04-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shobby.V.P (Audit Officer, On 12-01-2022)<br>Last Updated By: Shobby.V.P (Audit Officer, On 23-04-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 13-02-2019 | 1(1) | 37,43,73,355 | 35,45,45,110 |

ബജറ്റുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിലെ അപാകതകൾ താഴെ ചേർക്കുന്നു.

(I) സ.ഉ (ആർ.റ്റി) 3291 / 16 തീ. 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

(Ii) കേരള പഞ്ചായത്ത് രാജ് നിയമം 214(7) ആവശ്യപ്പെടുന്നു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിച്ച തീയതി | ലഭിക്കേണ്ട തീയതി |
|---|---|
| 11-01-2021 | 31-07-2020 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,10,53,539 |
| വരവ് | 10,95,17,967 |
| ആകെ | 16,05,71,506 |
| ചെലവ് | 11,07,98,604 |
| നീക്കിയിരിപ്പ് | 4,97,72,902 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗ വിവരങ്ങൾ (ACR പ്രകാരം) താഴെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | ഇല്ല | 29845798 | 29845798 | 23119025 | 6726773 |
| വികസന ഫണ്ട് (SCP) | ഇല്ല | 15611059 | 15611059 | 6552117 | 9058942 |
| വികസന ഫണ്ട് (TSP) | ഇല്ല | 1529000 | 1529000 | 737240 | 791760 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഇല്ല | 19800881 | 19800881 | 7364231 | 12436650 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | ഇല്ല | 28491000 | 28491000 | 14121268 | 14369732 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | ഇല്ല | 4871400 | 4871400 | 2895080 | 1976320 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 405 | 226218697 | 196 | 87494284 | 209 | 0 | 48.39 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 51438 | 1676614 | 1728082 | 1166295 | 561757 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 30705300 | 30705300 | 31871595 | 0 |

തൊഴിലുറപ്പ് പദ്ധതി കാഷ്ബുക്ക് പ്രകാരമുള്ള കണക്കാണ് ചേർത്തിട്ടുള്ളത്. ഇത് ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുമായി യോജിക്കുന്നില്ല. ഈ വിവരം വാർഷിക കണക്കു പരിശോധനയുടെ വിശേഷണമായി പ്രത്യേകം ചേർത്തിട്ടുണ്ട്.

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 960 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 3487200 | 320 |
| വിധവാ പെൻഷൻ | 10128600 | 2050 |
| വാർദ്ധക്യകാല പെൻഷൻ | 24306900 | 4520 |
| വികലാംഗ പെൻഷൻ | 2986700 | 420 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1168800 | 173 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | - | - |

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. രജിസ്റ്ററുകളും, വൗച്ചറുകളും മറ്റു രേഖകളും ഏറെക്കുറെ നന്നായി സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് നന്നായി പ്രവർത്തിച്ചു വരുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-02-2020 | ഡിസംബർ 2019 | 09-03-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-10-2018 | 2013-14 മുതൽ 2017-18 | ലഭ്യമല്ല |

## 1-10 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-12-2021 തീയതിയിൽ 3:00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,827/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 വാർഷികകണക്കുകളും സഞ്ചയ ഡി സി ബിയും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 34,74,780 | 32,53,047 | 1,44,437 | 98,637 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 34,75,701 | 32,36,077 | ലെഡ്ജർ ലഭ്യമാക്കിയില്ല | *1,15,890 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(121685/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

കുടിശ്ശിക

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3,96,237 | 3,17,387 | 82,051 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *4,20,025 | 3,17,387 | 82,469 ** |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (2,32,788+2,08,239 =4,41,027/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (86593/105X100) |

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 2,93,420 | 1,06,068 | 1,87,501 |

| | | | |
|---|---|---|---|
| പ്രകാരം | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2,97,471 | 1,06,068 | 1,87,501 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(88704+223641= 312345/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(197689/105X100)=1,88,275 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-12 വസ്തുനികുതി കൃത്യമായ ഡിമാൻഡ് എൻട്രി ഇല്ല

1/4/2019ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ 420 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ "110100101-Property Tax On Residential Building"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-13 വരവിനങ്ങളുടെ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ഡി & ഒ ഡിമാന്റ് രജിസ്റ്റർ
4. വാടക ഡിമാന്റ് രജിസ്റ്റർ
5. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-14 വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ.നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 320290 |
| 2 | ഡി & ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 226805 |

## 1-15 ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-16 Prior Period Item - വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ ഹാജരാക്കിയില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 73784 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 82010 |
| 280200402-Prior Period Income-Recovery Of Unutilised Grants | (323447) |
| 280800301-Prior Period-operation And Maintenance Expenses | 249500 |
| 280800701-Prior Period-Miscellaneous Expenses | (1562085) |

## 1-17 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (12,80,637) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 81,68,145 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും

പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-18 പ്രൊവിഷൻ - വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15(a) പ്രകാരം, വസ്തുനികുതി ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/20 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | ശീർഷകം | 2019-20 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | 31/3/2020 ലെ അക്യുമുലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1. | 270100101 Provision For Doubtful Receivable-property Tax | 28660 | 125160 |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-19 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-20 തൊഴിലുറപ്പ് പദ്ധതി - കാഷ് ബുക്കും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യു ചെലവും 3,17,46,792 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഇത് 3,18,71,595 രൂപയാണ്. ഈ തുകയിൽ പഞ്ചായത്തിൽ 14,63,910 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | മുരുക്കങ്ങൽ മേനാച്ചേരി റോഡ് കോൺക്രീറ്റ് ചെയ്യൽ | 3,35,262 |
| 2 | കോപ്ലാപ്പാടം കോൺവെന്റ് റോഡ് നിർമ്മാണം | 3,60,002 |
| 3 | കുമുള്ളി റോഡ് കോൺക്രീറ്റ് ചെയ്യൽ | 4,88,236 |
| 4 | കേശവൻ നായർ റോഡ്, എസ് സി കോളനി റോഡ് കോൺക്രീറ്റ് ചെയ്യൽ | 2,80,410 |

ഈ തുക തെറ്റായി റവന്യുവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 14,63,910 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോണ്ട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-21 വാർഷികകണക്കിൽ ക്ലോസിംഗ് സ്റ്റോക്ക് ഉൾപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് പൂജ്യം എന്ന് കാണിച്ചിരിക്കുന്നു. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതേണ്ടതുണ്ട്. എന്നാൽ സ്റ്റോക്കിലെടുക്കേണ്ടതായ സാമഗ്രികൾ പഞ്ചായത്തിൽ ഉണ്ടായിരുന്നിട്ടും സ്റ്റോക്ക് രജിസ്റ്റർ വർഷാന്ത്യമൂല്യം കണക്കാക്കി ഹാജരാക്കിയിട്ടില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ))

## 1-22 രജിസ്റ്ററുകൾ പൂർത്തിയാക്കിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ പൂർത്തിയാക്കിട്ടില്ല.

## 1-23 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-24 Capital Contribution തുക കൃത്യമല്ല

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital Contribution" എന്ന ഇനത്തിലെ 12,02,86,644 എന്ന തുക തന്നെയാണ് 31/3/2020 ലെ ബാലൻസ്ഷീറ്റിലും ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-25 കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|
| 31600314 | 21.02.2017 | 223125 |
| 21800233 | 08.06.2018 | 800 |
| 21800156 | 10.05.2018 | 1782 |
| 21700684 | 11.12.2017 | 1782 |
| 21700089 | 10.05.2017 | 1782 |

## 1-26 Directly Debited By Bank തുക സംബന്ധിച്ച്

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്കിൽ വന്ന ഡെബിറ്റ് തുകകൾ 31/3/2020 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ ഈ തുക "Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് വർഷങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2019-20 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| തീയതി | തുക |
|---|---|
| 30.06.2015 | 191016 |

## 1-27 ബാങ്കിൽ ക്രെഡിറ്റ് ചെയ്യാത്ത ചെക്ക് സംബന്ധിച്ച്

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 48510/- രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു.

| വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|
| 11605900016 | 16.11.2016 | 7500 |
| 11605900017 | 16.11.2016 | 675 |
| 11605900018 | 16.11.2016 | 1932 |
| 11605900019 | 16.11.2016 | 800 |
| 11605900020 | 16.11.2016 | 1771 |
| 11605900021 | 16.11.2016 | 400 |
| 11605900022 | 16.11.2016 | 500 |
| 11605900023 | 16.11.2016 | 1000 |
| 11605900001 | 01.04.2016 | 1000 |
| 11605900015 | 16.11.2016 | 1152 |

ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 മെഷീനറി റണ്ണിംഗ് ഫീസ് കൃത്യമായി ഈടാക്കുന്നില്ല

വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. 2019-20 സാമ്പത്തിക വർഷത്തെ ഡി ആൻഡ് ഒ ലൈസൻസ് രജിസ്റ്ററും, സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മെഷീനറി റണ്ണിംഗ് ഫീസ് ഈടാക്കാത്തതായും, ചിലരിൽ നിന്നും കുറവ് തുക ഈടാക്കിയതായും കാണുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | മെഷിനറി യൂണിറ്റ് (HP) | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|---|---|
| 1. | M.S TILES | 19/534 | 18 HP | 100 | 200 |
| 2. | ബ്രിക്സ് | 22/246A | 22 HP | - | 300 |
| 3. | ഭഗവതി പേപ്പർ വർക്ക്സ് | 21/234 | 1 HP | - | 50 |
| 4. | സെവൻ സ്റ്റാർ ട്രേഡേഴ്സ് | 19/45 | 2 HP | - | 50 |
| 5. | ആബ ഇൻഡസ്ട്രീസ് | 15/9 | 3 HP | - | 50 |
| 6. | കാമിൽ ഓയിൽ മിൽ | 4/281A | 10 HP | 50 | 100 |
| 7. | മരിയ സ്റ്റീൽ ഫർണീച്ചർ | 17/458 | 4 HP | - | 50 |
| 8. | രാഗം റൈസ് മിൽ | 6/1147 | 10 HP | - | 100 |
| 9. | സ്റ്റാർ എഞ്ചിനീയറിംഗ് വർക്ക്സ് | 12/538A | 4 HP | - | 50 |
| 10. | ഗംഗ ഫ്ലവർമിൽ | 5/738 | 5 HP | - | 50 |
| 11. | M.S.A ഫ്ലവർമിൽ | 8/227 | 10 HP | - | 100 |
| 12. | ദീപു ഫ്ലവർമിൽ | 10/625 | 6 HP | - | 100 |
| 13. | മിത്ര ഫ്രൂട്ട്സ് ആൻഡ് ചിപ്സ് | 19/239B | 4.5 HP | - | 50 |
| 14. | M.K ഫുഡ് വർക്ക്സ് | 20/249 | 5 HP | - | 50 |

| | | | | | |
|---|---|---|---|---|---|
| 15. | ഫ്ലേവർ ഫുഡ്സ് | 4/570A | 3 | - | 50 |
| 16. | ST.MARY'S ഫ്ലവർമിൽ | 19/54 | 10 | - | 100 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 38/19-20 തീയതി: 15.12.2021) 2019-20 വർഷത്തെ ഡി ആൻഡ് ഒ ലൈസൻസുമായി ബന്ധപ്പെട്ട് ഈടാക്കേണ്ട മെഷീനറി റണ്ണിംഗ് ഫീസ് നോട്ടീസ് നൽകി ഈടാക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

## 1-29 ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല

( ഓഡിറ്റ് എൻക്വയറി നം. 3 തീയതി -11-12-21 )

കേരള ട്രഷറി കോഡ് ചട്ടം 92 എ I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ ഡയറിഫാം ഇൻസ്ട്രക്ടർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-30 കേടു വന്ന തെങ്ങ് മുറിച്ചു മാറ്റുന്നതിന് ധന സഹായം. തെങ്ങ് മുറിച്ച് മാറ്റിയത് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. 53000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ -കൃഷി ഓഫീസർ
കോക്കനട്ട് റിഹാബിലിറ്റേഷൻ

പ്രോജക്ട് നമ്പർ. 325

തുക - 53000/-

ബിൽ നമ്പർ. 2/ 20-08-2019

കേടു വന്ന തെങ്ങ് മുറിച്ചു മാറ്റുന്നതിന് ആകെ 43 ഗുണഭോക്താക്കൾക്കായി 53000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ തെങ്ങ് മുറിച്ചു മാറ്റിയത് ഉത്തരവാദിത്വപ്പെട്ട ഒരാളും സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൃത്യമായ പരിശോധനകൾ അപേക്ഷകളിൽ രേഖപ്പെടുത്താതെ ഏതു മാനദണ്ഡപ്രകാരമാണ് ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചത് എന്ന ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ഓഡിറ്റ് വർഷം തെങ്ങു മുറിച്ചുമാറ്റലിനായി ആകെ 53000 രൂപ ചെലവ് ചെയ്തത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ -7 Dt. 09.12.2021)

## 1-31 ബില്ലുകൾ ഹാജരാക്കാതെ തുക നൽകി. 365842 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ -കൃഷി ഓഫീസർ

2019-20 വർഷം സമഗ്ര നെൽകൃഷി വികസനത്തിന്റെ ഭാഗമായി താഴെ ചേർക്കും പ്രകാരം ബില്ലുകൾ മാറി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ -8. Dt. 09-12-2021)

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ | തീയതി | തുക | ഓഡിറ്റ് നിരീക്ഷണം. |
|---|---|---|---|---|
| 1 | 11/19-20 | 11/11/2019 | 126000 | KSSDA യ്ക്കാണ് തുക നൽകിയത്. ബിൽ ഹാജരാക്കിയിട്ടില്ല. ആർക്ക് വിതരണം ചെയ്തു എന്ന് രേഖയില്ല |
| 2 | 13/19-20 | 11/11/2019 | 28080 | നാഷണൽ സീഡ് കോർപ്പറേഷന് തുക നൽകി. എന്നാൽ ബില്ല്, വിതരണം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 3 | 14/19-20 | 11/11/2019 | 76440 | കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്ക് നൽകി. ബില്ല് ഇല്ല. എന്തിന് ചെലവഴിച്ചു എന്ന് വ്യക്തമല്ല. |

| | | | | |
|---|---|---|---|---|
| 4 | 15/19-20 | 20/01/2020 | 126000 | തുക KSSDA യ്ക്ക് കൈമാറി. ബിൽ, വിതരണം എന്നിവ ഹാജരാക്കണം. |
| 5 | 19/19-20 | 20/01/2020 | 246627 രൂപയിൽ 9322 രൂപ | വെള്ളികുളങ്ങര സർവ്വീസ് സഹകരണ ബാങ്കിന് രാസവളത്തിനായി കൈമാറി. വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല. 9322 രൂപയുടെ ബിൽ ഹാജരാക്കിയിട്ടില്ല. |
| | | ആകെ | 365842 | |

രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 365842 രൂപ തടസ്സപ്പെടുത്തുന്നു.

## 1-32 പാടശേഖര സമിതികൾക്ക് റൈസ് മിൽ. എല്ലാ ടെൻഡറുകളും ഹാജരാക്കിയിട്ടില്ല. 3430 രൂപ അധികം ചെലവ്. ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -കൃഷി ഓഫീസർ

പ്രോജക്റ്റ് നമ്പർ. 281/20

ബിൽ നമ്പർ. 1/19-20 തീയതി. 21/06/2019

മിനി റൈസ് മിൽ പ്രോജക്റ്റിന്റെ ഭാഗമായി 7 മിനി റൈസ് മിൽ യൂണിറ്റുകൾ, മയ്യിൽ റൈസ് പ്രോഡ്യൂസർ കമ്പനിയിൽ നിന്ന് 235200 രൂപ ചെലവ് ചെയ്ത് വാങ്ങി പാടശേഖര സമിതികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്റ്റുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. സ.ഉ. (കൈ) നമ്പർ 22/2018/ തസ്വഭവ തീയതി 14/02/2018 ഖണ്ഡിക 8 ൽ കർഷകർക്ക് വാങ്ങിനൽകുന്ന യന്ത്രങ്ങളുടെ പരിപാലനം സംബന്ധിച്ച് വ്യവസ്ഥകളുള്ളതാണ്. ഇതു പ്രകാരം പാടശേഖര സമിതികളുമായി ചേർന്ന ഒരു കരാർ വയ്ക്കേണ്ടതാണ്. എന്നാൽ കരാർ വെള്ളക്കടലാസിൽ വെച്ചതായാണ് കാണുന്നത്. കരാറുകൾ നിശ്ചിത തുകയുടെ മുദ്രപത്രത്തിൽ വെയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്

2. ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട് ടെൻഡർ വിളിച്ചിട്ടുണ്ട്. 20/02/2019 ലെ പ്രൊക്യൂവർ കമ്മിറ്റി മിനട്സ് പ്രകാരം മയ്യിൽ റൈസ് പ്രൊഡ്യൂസേഴ്സ് കമ്പനി സമർപ്പിച്ച ടെൻഡർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ തീരുമാനത്തിന്റെ വ്യക്തത പരിശോധിക്കാനായിട്ടില്ല.

3. മയ്യിൽ റൈസ് പ്രൊഡ്യൂസേഴ്സ് കമ്പനി 08/08/2019 ൽ സമർപ്പിച്ച ബിൽ പ്രകാരമാണ് ട്രഷറിയിൽ നിന്ന് 214830 രൂപ മാറി കമ്പനി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. എന്നാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ ഏഴ് പേരിൽ നിന്ന് 3500 രൂപ നിരക്കിൽ ആകെ 24500 രൂപ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 23800 രൂപ കൂടി മേൽ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. മൊത്തം 238630 കമ്പനിക്ക് നൽകിയപ്പോൾ കമ്പനി സമർപ്പിച്ച ബില്ലിൽ കാണിച്ചിരിക്കുന്ന തുക നികുതികൾ ഉൾപ്പടെ 235200 രൂപയാണ് (ഇൻവോയ്സ് തീയതി. 08/08/2019). ഇതു പ്രകാരം 3430 രൂപ മയ്യിൽ റൈസ് പ്രൊഡ്യൂസേഴ്സ് കമ്പനിക്ക് അധികം നൽകിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ തിരിച്ച് അടക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി. 9/09-12-2021

## 1-33 ഉരുക്കളുടെ വില ഉരുക്കളെ വിറ്റവർക്ക് നൽകാതെ നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകിയ നടപടി മാർഗ്ഗരേഖ വിരുദ്ധം. ആകെ 1450000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

(1) പ്രോജക്റ്റ് നമ്പർ. 72/2020

പശു വളർത്തൽ ജനറൽ വനിത

വൗച്ചർ നമ്പർ. തീയതി, തുക

21901109/ 27/11/2019- 275000/-

21901108/ 27/11/2019- 300000/-

21901132/ 28/12/2019- 100000/-

21901133/ 28/12/2019- 75000/-

21901134/ 28/12/2019- 75000/-

21901135/ 28/12/2019- 75000/-

21901481/ 26/03/2020- 25000/-

ആകെ - 925000/-

(2) പ്രോജക്റ്റ് നമ്പർ. 400/2020

പശു വളർത്തൽ വനിത. (സ്പിൽ ഓവർ)

വൗച്ചർ നമ്പർ. തീയതി, തുക

21900625/ 07/09/2019- 525000/-

ആകെ - 525000/-

ഓഡിറ്റ് വർഷം രണ്ട് പ്രോജക്ടുകളിലായി ആകെ 58 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. ആകെ 50000 രൂപ വിലയുള്ള കറവപ്പശുക്കളെ ഗുണഭോക്താവ് വാങ്ങുകയും, ഗുണഭോക്തൃവിഹിതം ബാങ്ക് ലോണുമായി ബന്ധപ്പെടുത്തി സബ്സിഡി തുക വിവിധ ബാങ്കിലേക്ക് കൈമാറുകയുമാണ് ചെയ്തിരിക്കുന്നത്. എന്നാൽ 14.02.2018 തീയതിയിലെ സ.ഉ(കൈ) നം. 22/18 ഖണ്ഡിക 6.2 കുറിപ്പ് 5 പ്രകാരം ഉരുക്കളെ ആരാണോ വിറ്റത് അവർക്കാണ് അവയുടെ വില കൈമാറേണ്ടത്. പഞ്ചായത്ത് പ്രോജക്ടിൽ പർച്ചേസ് കമ്മിറ്റി ഉരുക്കളെ വാങ്ങി നൽകിയതാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ പർച്ചേസ് കമ്മിറ്റി തെരഞ്ഞെടുത്ത ഉരുക്കളുടെ ഉടമകൾക്കാണ് ബാങ്ക് പണം നൽകേണ്ടത്. ഇപ്രകാരം ബാങ്ക് ഉടമകൾക്ക് പണം നൽകിയതിന്റെ ബാങ്കിന്റെ സാക്ഷ്യപത്രമോ, ഈ വിവരം ചേർത്ത ലോൺ അനുവദിച്ചവരുടെ പാസ്സ്ബുക്ക് പകർപ്പോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. എന്നാൽ ഗുണഭോക്താവിന് തന്നെ ഉരുവിന്റെ വിലയായ 50000 രൂപ കൈമാറിയതായാണ് മനസ്സിലാക്കുന്നത്. ഉരുക്കളെ വാങ്ങുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ മാർഗ്ഗനിർദ്ദേശമുണ്ടായിരിക്കെ അതിന് വിരുദ്ധമായി പ്രോജക്റ്റ് നടത്തിയതിന്റെ സാധുത എന്ത് എന്ന ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ലാത്തതാണ്. ഇക്കാരണങ്ങളാൽ ആകെ 1450000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ –36/15-12-2021)

## 1-34 നിയമപരമല്ലാത്ത താല്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നത് പുന:പരിശോധിക്കേണ്ടതാണ്

സംസ്ഥാന സർക്കാരിന്റെ 05/10/2019 ലെ 81/2019/ധന ഉത്തരവ്, അതിനു മുൻപേയുള്ള സമാന ഉത്തരവുകൾ എന്നിവ അനുസരിച്ച് സർക്കാരിന്റെ മുൻകൂർ അനുവാദം കൂടാതെ ഇല്ലാത്ത തസ്തികകളിൽ താല്ക്കാലിക ജീവനക്കാർ ജോലി ചെയ്യാൻ പാടുള്ളതല്ല. എന്നാൽ മറ്റത്തൂർ ഗ്രാമ പഞ്ചായത്തിൽ മേൽ വ്യവസ്ഥക്ക് വിരുദ്ധമായി 04/2019, 05/2019 മാസങ്ങളിലും തുടർന്നും താഴെ ചേർക്കുന്നവർ ജോലി ചെയ്തുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

1. പ്രിയ രതീഷ് - ക്ലർക്ക്

2. വാസന്തി സുദർശൻ - ക്ലർക്ക്

3. അജയ ഘോഷ്. വി.പി. –ക്ലർക്ക്

ഇതിന്റെ നിയമപരമായ പിൻബലമെന്ത് എന്ന ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്തിന് യാതൊരു രേഖയും ഹാജരാക്കാനായിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ. 58/16.12.2021) ഇക്കാരണത്താൽ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊള്ളണമെന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

## 1-35 ആദായ നികുതി ഈടാക്കിയിട്ടില്ല

ഓഡിറ്റ് എൻക്വയറി നം. 54 തീ. 21-12-21

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾക്ക് സാധനസാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാരൻ ശ്രീ വിത്സൻ ഒ.ജെ പക്കൽ നിന്ന് ആദായനികുതി നിയമം 194 സി വകുപ്പ് പ്രകാരം ആദായനികുതി ഈടാക്കിയിട്ടില്ലാത്തതായി ഇതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനയിൽ കണ്ടു. ഇക്കാര്യത്തിൽ ആദായനികുതി നിയമം 194 സി വകുപ്പ് പ്രകാരം ₹7555/- (755491 X 1%) ഈടാക്കി വിവരം ഓഡിറ്റിന് യഥാസമയം നൽകേണ്ടതാണ്.

## 1-36 അഗതിരഹിത കേരളം - തുക വിനിയോഗിച്ചിട്ടില്ല

പ്രൊജക്റ്റ് നം, പേര് - 8/20 - അഗതിരഹിത കേരളം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 4,00,000 (വികസനഫണ്ട്, ജനറൽ)

സംസ്ഥാനാവിഷ്കൃത ഫണ്ട് - 16,00,000/-
ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 1,74,890/-

ചെലവ് - 4,00,000 (വികസനഫണ്ട്, ജനറൽ) (വൗ. നം. 21900753 തീ. 24.10.2019)
സംസ്ഥാനാവിഷ്കൃത ഫണ്ട് - 8,73,861 (വൗ. നം. 21900976 തീ. 31.12.2019)
ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 1,74,890 (വൗ. നം. 21900799 തീ. 17.11.2019)
പ്രസ്തുത പ്രൊജക്ടിനായി മേല്പറഞ്ഞ പ്രകാരം 14,48,751 രൂപ കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയിൽ സംസ്ഥാനാവിഷ്കൃത ഫണ്ടായി ലഭിച്ച തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 01.11.2021 ൽ കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെ അക്കൗണ്ടിൽ 25,43,783/- അവശേഷിക്കുന്നുണ്ട്. സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്കായുള്ള പദ്ധതിയിൽ പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 24/14.12.21)

## 1-37 പത്ര പരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് നം. 2/20 - പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 5,00,000 (തനതുഫണ്ട്)

ചെലവ് - 3,25,007 (തനതുഫണ്ട്)

മേല്പറഞ്ഞ പ്രൊജക്ടിൽ പത്രപരസ്യം നൽകുന്നതിനായി ദേശാഭിമാനി പത്രത്തിന് തുക നൽകിയതിൽ ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ:

| ക്രമ നം | വൗച്ചർ നം., തീയതി, തുക | ഇൻവോയ്സ് നം., തീയതി | തുക (Before Tax) | ഡിസ്കൗണ്ട് |
|---|---|---|---|---|
| 1 | 21900708/20.10.2019 -7728 | TCR/2019/1013/ 14.08.2019 | 7360 | 1104 |
| 2 | 21901052/10.01.2020 -47342 | TCR/2019/1654/ 10.10.2019 | 5520 | 828 |
| 3 | 21901394/31.03.2020 -32332 | TCR/2019 /2490/12.12.2019 | 5520 | 828 |
| | | | ആകെ | 2760 |

ജി ഒ (ആർ.ടി.)01/11 ഐ & പി ആർ ഡി തീ. 04.01.2011, ജി ഒ (ആർ.ടി.)288/14 ഐ & പി ആർ ഡി തീ. 10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാനപത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 27/14.12.2021) മറുപടി ലഭ്യമാക്കിയില്ല. ഡിസ്കൗണ്ട് ലഭിക്കേണ്ട തുക ലഭ്യമാക്കുകയോ തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെപ്പറയുന്ന പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നം.,പേര് | ഫണ്ട് | വൗച്ചർ നം., തീയതി | തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 1/20 ഐ കെ എം വിഹിതം | വികസനഫണ്ട്(സാ.വി) | 20900405, 10.07.2019 | 1,50,148 | ഐ കെ എം ന് നൽകിയത് |
| 2 | 74/20-വിജ്ഞാൻ സാഗർ | തനത് ഫണ്ട് | 21900343, 12.07.2019 | 1,00,000 | വിജ്ഞാൻ സാഗർ സാങ്കേതിക പാർക്കിന് നൽകിയത് |
| 3 | 79/20 എ ബി സി പ്രോഗ്രാം | തനത് ഫണ്ട് | 21900974, 26.12.2019 | 50,000 | കുടുംബശ്രീ ജില്ലാ മിഷൻ കോ ഓഡിനേറ്റർക്ക് നൽകിയത് |
| 4 | 234/20 ക്യാൻ, തൃശ്ശൂർ | വികസനഫണ്ട് (സാ.വി) | 21900750 തീ. 18.10.2019 | 85,000 | തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് നൽകിയത്. ജില്ലാ പഞ്ചായത്തിൽ നിന്നുള്ള 25.05.2019 ലെ കത്ത് പ്രകാരം ക്യാൻ, തൃശ്ശൂർ പ്രൊജക്റ്റിനുവേണ്ടി 80,000/- രൂപ വകയിരുത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ 85,000/- രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. |
| 5 | 416/20-കുടിവെള്ളവിതരണം-അഡീഷണൽ ഷിഫ്റ്റ് പമ്പിംഗ് | തനത് ഫണ്ട് | 20900587 തീ. 16.09.2019 | 4,02,570 | എക്സി. എഞ്ചിനീയർ, KWA PH Division, ഇരിഞ്ഞാലക്കുടയ്ക്ക് നൽകിയത് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 26/14.12.2021) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-39 അസിസ്റ്റന്റ് സെക്രട്ടറിയുടെ പ്രൊജക്ടുകളുടെ രേഖകൾ ഹാജരാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകളുടെ രേഖകൾ ഹാജരാക്കിയില്ല.

| ക്രമനം | പ്രൊജക്ട് നം, പേര് | ചെലവ് | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | 28/20 - പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം | 6,00,000 (വൗച്ചർ നം - 21900430 തീ. 25.07.2019), 1,50,000 (വൗച്ചർ നം - 21900535 തീ. 26.08.2019) | ഗുണഭോക്താക്കളുടെ അപേക്ഷകൾ ഇല്ല |

| | | | |
|---|---|---|---|
| 2 | 326/20 - എസ് സി ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 9,53,220 (വൗച്ചർ നം - 21900432 തീ. 26.07.2019) 1,46,780 (വൗച്ചർ നം - 21900433 തീ. 26.07.2019) | ലാപ്ടോപ്പുകൾ വാങ്ങിയ ബില്ലുകൾ ഹാജരാക്കിയില്ല |
| | ആകെ | 18,50,000 | |

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 28/14.12.2021) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച തുകയായ 18,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-40 ലാപ്ടോപ്പ് വിതരണത്തിനായുള്ള പ്രൊജക്ടുകൾ നടപ്പാക്കാൻ വൈകി

2019-20 ൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ് സി ബിരുദ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണത്തിനായി താഴെപ്പറയും പ്രകാരം രണ്ട് പ്രൊജക്ടുകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

| പ്രൊജക്ട് നം | അടങ്കൽ | ചെലവ് |
|---|---|---|
| 17/20 (New) | 10,00,000 (വികസനഫണ്ട്-എസ് സി) | ഇല്ല |
| 326/20 (Spill Over) | 11,00,000 | 9,53,220 (ബിൽ നം. 4/26.07.2019) 1,46,780 (ബിൽ നം. 5/27.07.2019) |

പ്രൊജക്ട് നം. 17/20, 2020-21 ൽ സ്പിൽ ഓവർ ആയി നടപ്പാക്കുകയാണുണ്ടായത്. ലാപ്ടോപ് ലഭിച്ച വിദ്യാർത്ഥികളിൽ പലർക്കും ബിരുദപഠനം പൂർത്തിയാക്കിയതിനുശേഷമാണ് ലാപ്ടോപ്പുകൾ ലഭ്യമായിട്ടുള്ളത്. ആയതിനാൽ തന്നെ പ്രൊജക്ട് വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാനാകാതെ പോകുന്നു. പ്രൊജക്ട് സ്പിൽ ഓവർ ആകാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 30/14.12.2021) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 വികലാംഗർക്ക് മുച്ചക്രവാഹനം നൽകിയപ്പോൾ മതിയായ രേഖകൾ വാങ്ങി സൂക്ഷിച്ചില്ല

പ്രൊജക്ട് നം. 312/19-20
നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പേര് : വികലാംഗർക്ക് മുച്ചക്രവാഹനം വാങ്ങി നൽകൽ

ബിൽ നം : 44/10.07.19

അടങ്കൽ : 300000/-

മുകളിൽ പറഞ്ഞ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് മുച്ചക്ര വാഹനം വാങ്ങി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളായ 1. ശ്രീ. ഷിഹാബ് കെ. എസ്, കാനോലി വീട്, 2. അജ്മൽ എം. എ, മനക്കത്തൊടി വീട്, വെള്ളിക്കുളങ്ങര എന്നിവർക്ക് ലേണേഴ്സ് ഡ്രൈവിങ് ലൈസൻസ് ഉള്ളതായി കാണുന്നില്ല. അതുപോലെ ശ്രീ. സതീശൻ റ്റി. എസ്, തെക്കേടത്ത് ഹൗസ്, കോടാലി എന്നവർക്ക് ഡോക്ടറുടെ പക്കൽ നിന്നും വാഹനം ഓടിക്കാൻ പ്രാപ്തനാണെന്നുള്ള സാക്ഷ്യപത്രം ഉള്ളതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 42/17.12.21 നൽകി. മറുപടിയിൽ കോവിഡ് 19 പ്രതിസന്ധി മൂലമാണ് ഇങ്ങനെ സംഭവിച്ചതെന്നും, സാക്ഷ്യപത്രങ്ങൾ വാങ്ങി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ ചെലവു തുക 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-42 എസ്.സി കമ്മ്യൂണിറ്റി സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

പ്രൊജക്ട് നം : 314/2019-20 (So)

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പേര് : 60 വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി)

ബിൽ നം. 162/16.10.19 (200000)

മുകളിൽ പറഞ്ഞ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന 11 ഗുണഭോക്താക്കൾ എസ്.സി ആണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | വളിയമ്മ, കുനൻമാക്കൽ ഹൗസ്, നാഡിപ്പാറ |
| 2 | കുഞ്ഞിക്കാളി, കുറിച്ചോത്ത് ഹൗസ്, നാഡിപ്പാറ |
| 3 | കൊച്ചമ്മ, ആളൂരതൻ ഹൗസ്, മറ്റത്തൂർ |
| 4 | നാരായണി, മാളിക്കപറമ്പിൽ ഹൗസ്, ഈസ്റ്റ് കോടാലി |
| 5 | തങ്കമണി, പേരമ്പ്രക്കാരൻ, കാവനാട് |
| 6 | വിശ്വംഭരൻ, പാപ്പാത്ത് വീട്, മറ്റത്തൂർകുന്ന് |
| 7 | മണിക്കുട്ടൻ, പാലപ്പെട്ടി ഹൗസ്, ചെമ്പുചിറ |
| 8 | കാളിക്കുട്ടി, കാഞ്ഞിരപ്പറമ്പിൽ ഹൗസ്, ചെമ്പുചിറ |
| 9 | കുട്ടൻ, തേതപുള്ളി, നാഡിപ്പാറ |
| 10 | കുട്ടൻ, പുളിക്കൻ, കിഴക്കേകോടാലി |
| 11 | കുറുമ്പകുട്ടി, ചെർപ്പുക്കാരൻ, കിഴക്കേകോടാലി |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 43/17.12.21 നൽകി. മറുപടിയിൽ കോവിഡ് 19 പ്രതിസന്ധി മൂലമാണ് ഇങ്ങനെ സംഭവിച്ചതെന്നും, സാക്ഷ്യപത്രങ്ങൾ വാങ്ങി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ ചെലവുതുകയായ 47850/- രൂപ തടസ്സപ്പെടുത്തുന്നു.

1-43 എസ്.ടി കമ്മ്യൂണിറ്റി സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

പ്രൊജക്റ്റ് നം : 315/2019-20 (So)
നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പേര് : 60 വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ (എസ്.ടി)
വൗച്ചർ നം. 21901261 തീ. 19/12/2019, 21901262 തീ. 19/12/2019
തുക -70500/-, 16500/-

മുകളിൽ പറഞ്ഞ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന 7 ഗുണഭോക്താക്കൾക്ക് എസ്.ടി സാക്ഷ്യപത്രം ഉള്ളതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | കൃഷ്ണൻ, ചീരൻകായം |
| 2 | അമ്മിണി, ആനപന്തം കോളനി |
| 3 | മീനാക്ഷി പരമേശ്വരൻ |
| 4 | എച്ചികുട്ടി രാമൻകുട്ടി, കണ്ടൻവീട് |
| 5 | വള്ളിയമ്മ കൃഷ്ണൻകുട്ടി, കണ്ടൻവീട് |
| 6 | തങ്ക അയ്യപ്പൻ |
| 7 | റോസിലി, കല്ലേല്ലി ഹൗസ് |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 43/17.12.21 നൽകി, മറുപടിയിൽ കോവിഡ് 19 പ്രതിസന്ധി മൂലമാണ് ഇങ്ങനെ സംഭവിച്ചതെന്നും, സാക്ഷ്യപത്രങ്ങൾ വാങ്ങി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ ചെലവുതുകയായ 30,450/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-44 വരുമാന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

പ്രൊജക്റ്റ് നം : 311/2019-20 (So)
നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പേര് : 60 വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ (പൊതുവിഭാഗം)
വൗച്ചർ നം. 21900400 10-7-2019
ചെലവ് : 922200/-

മുകളിൽ പറഞ്ഞ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന 7 ഗുണഭോക്താക്കൾക്ക് വരുമാന സാക്ഷ്യപത്രം ഉള്ളതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | വളിയമ്മ, നന്തിപുലം ഹൗസ്, നാഡിപ്പാറ |
| 2 | മുകന്ദൻ, വള്ളേകടവിൽ, കൊരേച്ചാൽ |
| 3 | കൊച്ചമ്മിണ്ണി സി.വി, ചക്കയിൽ ഹൗസ് |
| 4 | ത്രേസ്യ, ചെറുവാളൂക്കാരൻ ഹൗസ്, വാസുപുരം |
| 5 | ഉസൈമാൻ, വലിയകത്ത് ഹൗസ്, കോടാലി |
| 6 | അയ്യപ്പൻകുട്ടി, കിഴപ്പുള്ളി ഹൗസ്, വെള്ളിക്കുളങ്ങര |
| 7 | മേരിസണ്ണി, മുള്ളായി പറമ്പിൽ, വെള്ളിക്കുളങ്ങര |

കൊച്ചമ്മ W/o റപ്പായി, ചേറങ്ങാടൻ ഹൗസ്, കോടാലി എന്ന ഗുണഭോക്താവിന് വരുമാനസാക്ഷ്യപത്ര പ്രകാരം 1,44,000/- രൂപ വരുമാനമുണ്ട്. വരുമാനപരിധി അധികമായുള്ള ഗുണഭോക്താവിനും കട്ടിൽ അനുവദിച്ചിട്ടുള്ളതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 46/17.12.21 നൽകി, മറുപടിയിൽ കോവിഡ് 19 പ്രതിസന്ധി മൂലമാണ് ഇങ്ങനെ സംഭവിച്ചതെന്നും, സാക്ഷ്യപത്രങ്ങൾ വാങ്ങി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ ചെലവുതുകയായ 30,450/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-45 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്

പ്രൊജക്റ്റ് നം. 187/19-20

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

പേര് : പാലിയേറ്റീവ് പരിചരണം

വൗച്ചർ നം : 21900525 തീ. 16/08/19

: 21900526 തീ. 16/08/19

മുകളിൽ പറഞ്ഞ പദ്ധതിയുടെ ഭാഗമായി 1,38,360/- രൂപയുടെ മരുന്നുകൾ കാരുണ്യ ഫാർമസിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായിട്ടുള്ളതായോ, സ്റ്റോക്കിൽ എടുത്തിട്ടുള്ളതായോ ബന്ധപ്പെട്ട രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 49/17.12.21 നൽകി, മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 1,38,360/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-46 രേഖകൾ ഹാജരാക്കിയില്ല, ചെലവുതുക തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നം. 187/19-20

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

പേര് : പാലിയേറ്റീവ് പരിചരണം

വൗച്ചർ നം : 2190460/31.03.20

മുകളിൽ പറഞ്ഞ പദ്ധതിയുടെ ഭാഗമായി വൗച്ചർ നം : 2190460/31.3.20 പ്രകാരം 40,065/- രൂപ ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ബന്ധപ്പെട്ട രേഖകളൊന്നും തന്നെ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 49/17.12.21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതുവരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 1-47 റ്റി.ഡി.എസ് ഈടാക്കേണ്ടതാണ്

വൗച്ചർ നം. 21901078/10.01.20, 21901062/20.01.20 എന്നിവ പ്രകാരം വിവിധ കേസുകളുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ്സിന് ഫീസിനത്തിൽ 22500/-, 20,000/- രൂപ എന്നിവ നൽകിയിട്ടുണ്ട്. എന്നാൽ ആദായനികുതി ഈടാക്കിയതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 63/17.12.21 നൽകി, മറുപടി ലഭ്യമാക്കിയില്ല. 2019-20 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ എത്ര തുക ചെലവഴിച്ചു എന്നതിന് മറുപടി നൽകിയില്ല. ആയതിനാൽ വരുംവർഷങ്ങളിൽ ഈ ഇനത്തിൽ ആദായനികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-48 ഓവർഹെഡ് ചാർജ്ജസ് അധികം നൽകി

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തീ. 7-5-2014 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ്‌വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത്. ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-49 KCWWF റിക്കവറി കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല

(ഓഡിറ്റ് എൻക്വയറി നം. 3 തീയതി 09-12-21)

1996 ലെ ബിൽഡിങ് & അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ്സ് ആക്ട് (സെൻട്രൽ ആക്ട്) വകുപ്പുകൾ 3 (1), (2) എന്നിവ പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിൽ 1% കുറയാത്ത തുക KCWWF ബോർഡിൽ അടവാക്കേണ്ടതും വകുപ്പ് 3 (3) പ്രകാരം ഇപ്രകാരം വസൂലാക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജ്ജിനത്തിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഈടാക്കാവുന്നതുമാണ്. ഓഡിറ്റ് കാലയളവിൽ ഇപ്രകാരം കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല. ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബില്ലിനേക്കാൾ അധിക തുക നൽകി. 3430 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

പ്രോജക്ട് നമ്പർ. 281/21

ബിൽ നമ്പർ. 1/19-20 തീയതി. 21/06/2019

മിനി റൈസ് മിൽ പ്രോജക്ടിന്റെ ഭാഗമായി 7 മിനി റൈസ് മിൽ യൂണിറ്റുകൾ മയ്യിൽ റൈസ് പ്രോഡ്യൂസർ കമ്പനിയിൽ നിന്ന് 235200 രൂപ ചെലവിട്ട് വാങ്ങി പാടശേഖര സമിതികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. മയ്യിൽ റൈസ് പ്രൊഡ്യൂസേഴ്സ് കമ്പനി 08/08/2019 ൽ സമർപ്പിച്ച ബിൽ പ്രകാരമാണ് ട്രഷറിയിൽ നിന്ന് 214830 രൂപ പ്ലാൻ വിഹിതം മാറി കമ്പനി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. എന്നാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ എഴ് പേരിൽ നിന്ന് 3500 രൂപ നിരക്കിൽ ആകെ 24500 രൂപ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 23800 രൂപ കൂടി മേൽ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. മൊത്തം 238630 കമ്പനിക്ക് നൽകിയപ്പോൾ കമ്പനി സമർപ്പിച്ച ബില്ലിൽ കാണിച്ചിരിക്കുന്ന തുക നികുതികൾ ഉൾപ്പടെ 235200 രൂപയാണ് (ഇൻവോയ്സ് തീയതി. 08/08/2019). ഇതു പ്രകാരം 3430 രൂപ മയ്യിൽ റൈസ് പ്രൊഡ്യൂസേഴ്സ് കമ്പനിക്ക് അധികം നൽകിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ തിരിച്ച് അടക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി. 9/09-12-2021

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 174890 | അഗതിരഹിതകേരളം | 174890 | 0 |
| | | 175000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 175000 | 0 |
| | | 100000 | വയോജന ക്ഷേമപ്രവർത്തനങ്ങൾ നടത്തൽ | 100000 | 0 |
| | | 1835413 | ലൈഫ് മിഷൻ (ജനറൽ) | 0 | 1835413 |
| | | 1640000 | സമഗ്ര നെൽകൃഷി വികസനം | 1640000 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| | | 160000 | ലൈഫ് മിഷൻ (എസ് സി) | 160000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര സ്കൂട്ടർ | 0 | 200000 |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെയും തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | പ്രൊജക്ട് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെല വഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 410 | 5,00,000 | 334261 | 165739 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള വിതരണം അഡീഷണൽ ഷിഫ്റ്റി പമ്പിംഗ് | 416 | 4,10,000 | 402570 | 7430 |
| കേരള വാട്ടർ അതോറിറ്റി | കാവനാട് ചാറ്റലാംപാടം പൈപ്പ് ലൈൻ വാസുപുരം ഭാഗത്ത് ദീർഘിപ്പിക്കൽ | 420 | 2,00,000 | 0 | 2,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ലഭ്യമല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1108476 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1108476 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1133317 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,95,17,967 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,07,98,604 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3430 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4306017 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-1 | | 3430 | വിനോദ്കുമാർ. പി., കൃഷി ഓഫീസർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 53000 | ശ്രീ. വിനോദ്കുമാർ. പി., കൃഷി ഓഫീസർ |
| 1-31 | 365842 | ശ്രീ. വിനോദ്കുമാർ. പി., കൃഷി ഓഫീസർ |
| 1-33 | 1450000 | 1425000 - ശ്രീ. എൽദോ, വെറ്ററിനറി സർജൻ |
| | | 25000 - ശ്രീ. സജേഷ് എം.ജി., വെറ്ററിനറി സർജൻ |
| 1-39 | 1850000 | ശ്രീ. ഭാഗ്യനാഥൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-41 | 300000 | സുധാകുമാരി. വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-42 | 47850 | സുധാകുമാരി. വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-43 | 30450 | സുധാകുമാരി. വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-44 | 30450 | സുധാകുമാരി. വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-45 | 138360 | ഡോ. ലക്ഷ്മി മേനോൻ, മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| 1-46 | 40065 | ശ്രീ. ആന്റിസ് ജോസഫ്, മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| ആകെ | 4306017/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. വിനോദ്കുമാർ. പി., കൃഷി ഓഫീസർ | അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം | ശ്രീ. വിനോദ്കുമാർ. പി, പുളിക്കൽ വീട്, പി ഒ ഒതുക്കങ്ങൽ, മലപ്പുറം |
| ശ്രീ എൽദോ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ചായ്പ്പാൻകുഴി | മേക്കാട്ട് വീട്, വെള്ളിക്കുളങ്ങര പി ഒ |
| ശ്രീ സജേഷ് എം.ജി, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, മറ്റത്തൂർ ഗ്രാമപഞ്ചായത്ത് | മാറഞ്ചേരി വീട്, വാസുപുരം, പി ഒ മറ്റത്തൂർകുന്ന് |
| ശ്രീ. ഭാഗ്യനാഥൻ, അസിസ്റ്റന്റ് സെക്രട്ടറി | വിരമിച്ചു | കൊപ്പറമ്പിൽ വീട്, വരന്തരപ്പിള്ളി |
| ആന്റീസ് ജോസഫ്, മെഡിക്കൽ ഓഫീസർ, സി എച്ച് സി | രാജിവെച്ചു | ചെറുപറമ്പിൽ ഹൗസ്, കോടാലി പാഡി പി.ഒ |
| ഡോ. ലക്ഷ്മി മേനോൻ, മെഡിക്കൽ ഓഫീസർ, സി എച്ച് സി | മെഡിക്കൽ ഓഫീസർ, മറ്റത്തൂർ ഗ്രാമപഞ്ചായത്ത് | അനിഴം, കാളത്തോട് കുറ്റിച്ചിറ റോഡ്, ഒല്ലൂക്കര |
| സുധാകുമാരി. വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് | കാരാട്ടുപറമ്പിൽ ഹൗസ്, കച്ചിത്തോട്, കട്ടിളപൂവ്വം പി. ഒ, തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1970-71 | എൽ.എഫ്.ടി(എസ്.2)826/2011 തീയതി. 28.10.2011 | |
| 1974-75 | | |
| 1982-83 | | |
| 1983-84 | | |
| 1984-85 | | |
| 1985-86 | | |
| 1986-87 | | |
| 1987-88 | | |
| 1988-89 | | |
| 1989-90 | | |
| 1990-91 | | |
| 1991-92 | | |
| 1992-93 | | |
| 1993-94 | | |
| 1994-95 | | |
| 1995-96 | എൽ.എഫ്.ടി 9-897/02 തീയതി. 17.10.02 | |
| 1996-97 (ചെലവ്) | എൽ.എഫ്.ടി 8-1008/98 തീയതി. 20.03.99 | |
| 1996-97 (വരവ്) | എൽ.എഫ്.ടി 9-918/02 തീയതി.17.10.02 | |

| | | |
|---|---|---|
| 1997-98 (ചെലവ്) | എൽ.എഫ്.ടി 9-1007/98 തീയതി. 18.3.99 | |
| 1997-98 (വരവ്) | എൽ.എഫ്.ടി 9-891/02 തീയതി. 17.10.02 | |
| 1998-99 (ചെലവ്) | എൽ.എഫ്.ടി.16-661/00 തീയതി. 16-06-06 | |
| 1998-99 (വരവ്) | എൽ.എഫ്.ടി 9-16/09 തീയതി. 26-12-09 | |
| 1999-00 | എൽ.എഫ്.ടി 9-17/09 തീയതി. 26-12-09 | |
| 2000-01, 2001-02 ജനകീയാസൂത്രണം | എൽ.എഫ്.ടി.9-1754/03 തീയതി. 01-10-04/23-12-04 | |
| 2000-01 | എൽ.എഫ്.ടി 9-18/09 തീയതി. 26-12-09 | |
| 2001-02 | എൽ.എഫ്.ടി 9-10/09 തീയതി. 26-12-09 | |
| 2002-03 | എൽ.എഫ്.ടി 9-20/09 തീയതി. 26-12-09 | |
| 2003-04 | എൽ.എഫ്.ടി 9-21/09 തീയതി. 26-12-09 | |
| 2004-05 | എൽ.എഫ്.ടി. 9-22/09 തീയതി. 26-12-09/15-02-10 | |
| 2005-06 | എൽ.എഫ്.ടി. 10-2017/10 തീയതി. 31-05-11 | |
| 2006-07 | എൽ.എഫ്.ടി 10-2018/10 തീയതി. 31-05-11 | |
| 2007-08 | എൽ.എഫ്.ടി 854/11 തീയതി. 29-11-11 | |
| 2008-09 | എൽ.എഫ്.ടി. 855/11 തീയതി. 29-11-11/04-02-12 | |
| 2009-10 | എൽ.എഫ്.ടി .പി2-690/12 തീയതി. 07-07-12 | |
| 2010-11 | എൽ.എഫ്.ടി .പി2-691/12 തീയതി. 07-07-12/04-10-12 | |
| 2011-12 | എൽ.എഫ്.ടി .പി26-2103/13 തീയതി. 14-05-14/10-09-14 | |
| 2012-13 | എൽ.എഫ്.ടി .പി6-1769/14 തീയതി. 01-01-15/08-07-15 | |
| 2013-14 | കെ.എസ്.എ.-ടി.എസ്.ആർ.-പി.6-1194/15 തീയതി. 30.10.15 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി6) 1329/15 തീയതി. 02.11.2015/10.12.2015 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി6)2102/2016 തീയതി. 25.01.2017 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി6)1419/17 തീയതി. 23.11.2017/13.12.2017 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി.6) 131/2019 തീയതി. 05.02.2019 | |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി.8) 1220/2020 തീയതി. 16.12.2020/16.01.2021 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്